**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 538 — 06.02.2013-ലെ മറുപടിയ്ക്ക്

# മാവേലിക്കര മണ്ഡലത്തിലെ നന്മ സ്റ്റോറുകളുടെ ഉദ്ഘാടനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലിക്കര മണ്ഡലത്തിൽ എത്ര നന്മ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട് ; പഞ്ചായത്തടിസ്ഥാനത്തിൽ വിശദമായ വിവരം ലഭ്യമാക്കുമോ ; | (എ) 30 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിന്റെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | പഞ്ചായത്ത് | ലഭ്യമായ അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തെക്കേക്കര | 6 |
| 2 | താമരക്കുളം | 6 |
| 3 | വള്ളികുന്നം | 8 |
| 4 | ചുനക്കര | 2 |
| 5 | പാലമേൽ | 1 |
| 6 | നൂറനാട് | 4 |
| 7 | മാവേലിക്കര മുനിസിപ്പാലിറ്റി | 1 |

| | | |
|---|---|---|
| 8 | മാവേലിക്കര ഠൗൺ | 2 |
| | ആകെ | 30 |

(ബി) ഇതിൽ എത്ര നന്മ സ്റ്റോറുകളുടെ ഉദ്ഘാടനം നടത്തിയിട്ടുണ്ട് ; ഉദ്ഘാടനം എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളെ അറിയിക്കുന്നില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; ഇത് അവസാനിപ്പിക്കുന്നതിനുള്ള കർശന നടപടി സ്വീകരിക്കുമോ ;

(ബി) ഇതിൽ പത്ത് നന്മ സ്റ്റോറുകളുടെ ഉദ്ഘാടനം നടത്തിയിട്ടുണ്ട്. പ്രാദേശികമായി രൂപീകരിച്ചിട്ടുള്ള സംഘാടക സമിതിയാണ് ഉദ്ഘാടന ചടങ്ങുകൾ സംഘടിപ്പിക്കുന്നത്. കൺസ്യൂമർഫെഡ് നേരിട്ട് ചടങ്ങ് സംഘടിപ്പിക്കുന്നില്ല. എന്നാൽ, ഉദ്ഘാടനം എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളെ അറിയിക്കുന്നില്ല എന്ന പരാതി ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിക്കുകയും മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(സി) താമരക്കുളം ചത്തിയറ നന്മ സ്റ്റോർ ഉദ്ഘാടത്തിൽ എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളെ ഒഴിവാക്കി എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ ?

(സി) ഇക്കാര്യം പരിശോധിക്കുകയും ഭാവിയിൽ അപാകതകൾ ആവർത്തിക്കില്ലെന്ന് ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ